**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** — **08-12-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പാലങ്ങൾ നിർമ്മിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വർക്കല നിയോജകമണ്ഡലത്തിലെ മുത്താല, മുത്താന എന്നീ രണ്ട് പാലങ്ങൾ പുതുക്കി പണിയുന്നതിനായി മണ്ണ് പരിശോധന, സർവ്വേ നടപടികൾ എന്നിവ നടത്തേണ്ടതുണ്ട്. ഇതിനുള്ള ഇൻവെസ്റ്റിഗേ ഷൻ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു.<br><br>ശിവഗിരി തൊട്ടവേ പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും എന്ന പ്രവൃത്തിക്ക് തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 10.48 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 07.10.2022 ൽ പ്രവൃത്തി ടെൻഡർ ചെയ്യുകയും എന്നാൽ ഒരു ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി 29.10.2022 ൽ റീടെൻഡർ ചെയ്യുകയും ചെയ്തു. 18.11.2022 ൽ ടെക്നിക്കൽ ബിഡ് തുറന്ന് പ്രീ - ക്വാളിഫിക്കേഷൻ മൂല്യ നിർണയ നടപടികൾ പുരോഗമിക്കുകയാണ്. പ്രീ - ക്വാളിഫിക്കേഷൻ മൂല്യ നിർണയം ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. അംഗീകാരം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ